**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 954** **24-02-2022 - ൽ മറുപടിയ്ക്ക്**

**പെരിയാർ നദീതീരത്തെ ജനങ്ങളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പെരിയാർ നദീതീരത്തെ ജനങ്ങളുടെ സുരക്ഷയെ മുൻനിർത്തി മുല്ലപ്പെരിയാർ അണക്കെട്ടിലെ റൂൾ കർവിന് ഭേദഗതി വരുത്താൻ സാധിക്കാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; | (എ) | തമിഴ്‌നാട് തയ്യാറാക്കുകയും കേന്ദ്ര ജലകമ്മീഷൻ അംഗീകരിക്കുയും ചെയ്ത റൂൾ കർവ് കേരളം അംഗീകരിച്ചിട്ടില്ല. പെരിയാർ നദീതീരത്തെ ജനങ്ങളുടെ സുരക്ഷ, ഡാമിന്റെ കാലപ്പഴക്കം, കഴിഞ്ഞ 4 വർഷങ്ങളിൽ കേരളത്തിലുണ്ടായ അതിതീവ്രമായ മഴ, തുടർന്നുണ്ടായ പ്രളയ സാഹചര്യം, കാലാവസ്ഥാവ്യതിയാനം മുല്ലപ്പെരിയാർ അണക്കെട്ടിനൊപ്പം തന്നെ ഇടുക്കി ജലസംഭരണിയും നിറയുന്ന സാഹചര്യം എന്നിവ പരിഗണിച്ച് തമിഴ്‌നാട് തയ്യാറാക്കിയ റൂൾ കർവ് പുനഃപരിശോധിക്കണമെന്ന് കേരളം ബഹു. സുപ്രീം കോടതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. റൂൾ കർവ് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം നിലവിൽ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ എന്തെല്ലാം? | (ബി) | തമിഴ്‌നാട് തയ്യാറാക്കിയ റൂൾ കർവ് കേരളത്തിനു അംഗീകരിക്കാൻ കഴിയുന്നതല്ലെന്നും കേരളത്തിന്റെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് റൂൾ കർവ്വിനു അന്തിമരൂപം കൊടുത്ത് അംഗീകരിക്കണമെന്നും, നിലവിൽ കോടതിയുടെ പരിഗണനയിലുള്ള ഹർജ്ജികളുടെ ഭാഗമായി ബഹു. സുപ്രീം കോടതി മുൻപാകെ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 4 കൊല്ലങ്ങളിലായി കേരളത്തിൽ അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന ക്രമം തെറ്റിയതും, അതിതീവ്രവുമായ മഴയും (പ്രത്യേകിച്ചും മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്ത്) തുടർന്നുള്ള പ്രളയസാഹചര്യവും, കാലാവസ്ഥാവ്യതിയാനവും മുല്ലപ്പെരിയാർ ജലസംഭരണിയിലെ ജലനിരപ്പ് ചുരുങ്ങിയ സമയത്തിനുള്ളിൽ കുതിച്ചുയരുന്ന സാഹചര്യവും, മുല്ലപ്പെരിയാർ അണക്കെട്ടിനോടൊപ്പം തന്നെ ഇടുക്കി ജലസംഭരണിയും നിറയുന്ന സാഹചര്യവും, പെരിയാർ നദീ തീരത്തെ ജനങ്ങളുടെ സുരക്ഷയും കണക്കിലെടുത്ത്, സെപ്റ്റംബർ 20-ാം തീയതിയിൽ |

| | | | |
|---|---|---|---|
| | | | 142 അടി ജലനിരപ്പ് നിശ്ചയിച്ചുകൊണ്ട് തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ് അംഗീകരിക്കുന്നതിലേയ്ക്കായുള്ള വാദഗതികൾ പരിഗണനാർഹമല്ലെന്നും ആയത് അംഗീകരിക്കാൻ കഴിയുന്നതല്ലെന്നും, ആയതിനാൽ തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ് പുനഃപരിശോധിക്കണമെന്നും ചൂണ്ടിക്കാട്ടി കേരളം ബഹു. സുപ്രീം കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ പെരിയാർ നദീ തടത്തിൽതന്നെ സ്ഥിതി ചെയ്യുന്ന ഇടുക്കി, ഇടമലയാർ തുടങ്ങിയ മറ്റ് ജലസംഭരണികൾക്ക് കേന്ദ്ര ജല കമ്മീഷൻ തയ്യാറാക്കിയ അപ്പർ റൂൾ കർവ്വുകൾക്കെല്ലാം തന്നെ ഒരു ഉച്ചസ്ഥാനം (Peak) (അതായത് വർഷകാലത്തിന്റെ അവസാനം നവംബർ 30-നു) മാത്രമാണുള്ള തെന്നിരിക്കെ, മുല്ലപ്പെരിയാർ അണക്കെട്ടിനു നിശ്ചയിക്കുന്ന അപ്പർ റൂൾ കർവ്വിൽ രണ്ടു ഉച്ചസ്ഥാനങ്ങൾ (Peaks) അനുവദിക്കാൻ കഴിയില്ലായെന്നും ബഹു.കോടതിയെ കേരളം അറിയിച്ചിട്ടുണ്ട്. കൂടാതെ ഡാമിന്റെ കാലപ്പഴക്കം, മാറിയ സാഹച ര്യങ്ങൾ, ഡാമിൽ ഉണ്ടാകുവാൻ സാധ്യതയുള്ള മർദ്ദത്തിലെ വ്യതിയാനം എന്നിവ പരിഗണിച്ച് ഏതൊരു സമയത്തും മുല്ലപ്പെരിയാർ ജലസംഭരണിയിലെ ജലനിരപ്പ് 2014-ൽ ബഹു. കോടതി അനുവദിച്ചിട്ടുള്ള പരമാവധി ജലനിരപ്പായ 142 അടിയിൽ കൂടാൻ പാടുള്ളതല്ല എന്നതുകൂടി കണക്കിലെടുത്ത് തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ് പുനഃപരിശോധിക്കുവാൻ വേണ്ട നിർദ്ദേശം തമിഴ്നാടിനു നൽകണമെന്നും ബഹു. സുപ്രീം കോടതി മുൻപാകെ കേരളം സമർപ്പിച്ച സത്യവാങ്മൂലത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കുന്നതിനും, തമിഴ്നാടിന് ജലവും ലഭ്യമാക്കുന്നതിനും, സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നും ഉള്ള സർക്കാർ നിലപാടിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കായുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ